# കരൾ സംരക്ഷണം: മിയോട്ട് ലിവർ ജിം തുടങ്ങി

ചെന്നൈ: കരൾസംബന്ധമായ രോഗങ്ങൾക്ക് പരിഹാരം നിർദേശിച്ചുകൊണ്ടുള്ള മിയോട്ട് ലിവർ ജിം പദ്ധതിക്ക് തുടക്കമായി.

കരൾരോഗബാധിതരായി ചികിത്സതേടുന്നവരിൽ ബഹുഭൂരിപക്ഷവും രോഗവിവരം മനസ്സിലാക്കാൻ വൈകുന്നതായി മിയോട്ടിലെ ഡോക്ടർമാർ നടത്തിയ പഠനത്തിൽ വ്യക്തമായി. രോഗം എളുപ്പത്തിൽ തിരിച്ചറിയാൻകഴിഞ്ഞാൽ കരൾ മാറ്റിവെക്കൽ ഉൾപ്പെടെയുള്ള ചെലവേറിയ ശസ്ത്രക്രിയകൾ ഒഴിവാക്കാമെന്നും അതിനായി കരൾപരിശോധനയ്ക്കായി പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും പരിശോധനയ്ക്കായുള്ള അവസരം ഒരുക്കുകയും ചെയ്യുന്ന പദ്ധതിയാണ് മിയോട്ട് ലിവർ ജിം.

ചെറുപ്പക്കാരിലാണ് താരതമ്യേന കരൾരോഗങ്ങൾ കൂടുന്നതെന്നും പുതിയകാലത്തിലെ ഭക്ഷണരീതിയും വ്യായാമക്കുറവുമെല്ലാം പുതുതലമുറയെ രോഗങ്ങളിലേക്ക് കൊണ്ടുപോകുന്നതായും യോഗത്തിൽ സംസാരിച്ച ഡോക്ടർ ആർ. സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. കരളിന് എൺപതുശതമാനം തകരാറ് സംഭവിക്കുന്നതിനുമുൻപാണ് രോഗി ചികിത്സയ്ക്കായി എത്തുന്നതെങ്കിൽ കരൾ മാറ്റിവെക്കൽപോലുള്ള ഗുരുതരശസ്ത്രക്രിയകൾ ആവശ്യമില്ലെന്നും അദ്ദേഹം വ്യക്തമാക്കി. മിയോട്ട് ലിവർ ജിം പദ്ധതിയുടെ ഭാഗമായി ആസ്പത്രിയിൽ സൗജന്യ പരിശോധനാക്യാമ്പ് നടന്നു.

മിയോട്ടിലെ കരൾചികിത്സാരംഗത്തുള്ള പ്രഗല്ഭരായ ഡോക്ടർമാരെ ചടങ്ങിൽ പരിചയപ്പെടുത്തി, മിയോട്ടിലെ ചികിത്സയിലൂടെ ജീവിതത്തിലേക്ക് തിരിച്ചുകയറിയവർ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. മിയോട്ട് നടത്തിയ സങ്കീർണമായ ശസ്ത്രക്രിയകളുടെ കണക്ക് പരിശോധിച്ചാൽ തൊണ്ണൂറ് ശതമാനം വിജയമാണെന്ന് ആസ്പത്രി അധികൃതർ അവകാശപ്പെട്ടു.



കരൾരോഗ ബോധവത്കരണത്തിന്റെ ഭാഗമായി മിയോട്ട് ആസ്പത്രി ആരംഭിച്ച മിയോട്ട് ലിവർ ജിം പദ്ധതിയുടെ ഉദ്ഘാടനച്ചടങ്ങിൽനിന്ന്